പഠന റിപ്പോർട്ട്



# ബ്രഹ്മപുരം
# ജനാധിപത്യത്തിന്റെ മലിനമുഖം

ഫോട്ടോ : സൈനുദ്ദീൻ

എസ്. ശരത്

അധികാര വികേന്ദ്രീകരണം അധികാര കേന്ദ്രീകരണമാകുന്നതിന്റെ പകൽവെളിച്ചം പോലെ പരസ്യമാ കാഴ്ചയാണ് എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് പണിതുകൊണ്ടിരിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്. 'പഞ്ചായത്ത്' എന്ന സാമ്പത്തിക ഭദ്രതയില്ലാത്ത ചെറിയ നാട്ടുരാജ്യത്തിന് മേൽ നഗരസഭയെന്ന ഫ്യൂഡൽ ശക്തിക്കുള്ള സ്വാധീനമാണ് ബ്രഹ്മപുരം പദ്ധതി. ചീഞ്ഞുനാറുന്ന ഒരു നഗരത്തിന്റെ മാലിന്യം വഹിക്കുക എന്നത് ഒരു ഗ്രാമത്തിന്റെയും കടമയല്ല. നഗരത്തിലെ വേഗജീവിത സംസ്കാരം പുറന്തള്ളിയ ഈ മാലിന്യങ്ങൾ കൃത്യമായ രീതിയിൽ സംസ്കരിക്കുക എന്നതും നഗരസഭയുടെ കടമയാണ്. നാളുകളേറെയായി നമ്മുടെ നഗരങ്ങൾ ചീഞ്ഞുനാറിയിട്ടും മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനെക്കുറിച്ച് നമുക്കിപ്പോഴുമറിയാവുന്നത് നമ്മുടെ മൂക്കിൻതുമ്പത്തുനിന്നു മകലെ എവിടെയെങ്കിലും കൊണ്ടുപോയി കളയുക എന്നത് മാത്രമാണ്. നഗരം വലുതാകുന്തോറും മാലിന്യനിക്ഷേപം നഗരത്തിന്റെ പരിധിയിൽ കഴിയാതെയായി. അങ്ങനെ കോർപ്പറേഷന്റെ ടിപ്പർ ലോറികൾ നഗരാതിർത്തികൾ കടന്ന് മാലിന്യങ്ങളുമായി ഗ്രാമങ്ങൾ ലക്ഷ്യമാക്കി പാഞ്ഞു. ഗ്രാമത്തിന്റെ സ്വച്ഛന്തതകളെ മുറിച്ചുകൊണ്ട് നഗരത്തിന്റെ ഖരമാലിന്യങ്ങൾ അവിടെ അഴുകാതെ ചീഞ്ഞു. ഈ രാഷ്ട്രീയ ആഭാസത്തിന്റെ അവസാന ഉദാഹരണമാണ് ബ്രഹ്മപുരം. കുടാതെ ഗ്രാമച്ചുരിന്റെ കെടാത്ത വിപ്ലവവീര്യത്തിന്റെ പ്രതീകവും. ജനകീയ പ്രതിരോധത്തിനുമുമ്പിൽ ഒടുവിൽ നഗരസഭയ്ക്ക് മുട്ടുമടക്കേണ്ടിവന്നു. പക്ഷെ മാലിന്യപ്ലാന്റിന്റെ സുരക്ഷിത വേഷമണിഞ്ഞ് മാലിന്യങ്ങളെ വീണ്ടും ബ്രഹ്മപുരത്ത് കൊണ്ടുവന്ന് തട്ടാനുള്ള തത്രപ്പാടിലാണ് കൊച്ചി കോർപ്പറേഷൻ. ചതുപ്പ് നിലത്ത് മാലിന്യനിക്ഷേപം നടത്തുകവഴി സമീപത്തുകൂടി ഒഴുകുന്ന കടമ്പറപുഴയെ മലിനമാക്കിയതിനെതിരെ നടത്തിയ സമരാവേശത്തെ ഏതുവിധേനയും കെടുത്തിക്കളയാനുള്ള തന്ത്രങ്ങൾ മെനയുകയാണ് രാഷ്ട്രീയകക്ഷികളും ഭരണകൂടവും. ജനകീയപ്രക്ഷോഭത്തെത്തുടർന്ന് രണ്ടുമാസങ്ങൾക്കുമുമ്പ് പ്രഖ്യാപിച്ച 144 ഇതുവരെ പിൻവലിച്ചിട്ടില്ല. ഒരു ജനകീയസമരത്തെ തടയാൻവേണ്ടി ഇത്ര നീണ്ടുനിൽക്കുന്ന കരിനിയമം ഒരു പക്ഷെ കേരളത്തിൽ ആദ്യമായിരിക്കും. പുഴയോട് ചേർന്ന് അശാസ്ത്രീയമായി നിർമ്മിക്കുന്ന മാലിന്യപ്ലാന്റിന്റെ നിർമ്മാണം നാട്ടുകാർക്ക് തടയണമെന്നുണ്ട്. പക്ഷെ രണ്ടുമാസം മുമ്പ് മാലിന്യനിക്ഷേപം തടഞ്ഞപ്പോൾ നേരിട്ട പോലീസ് അതിക്രമങ്ങളിൽനിന്നും അവർ പൂർണ്ണമായും മുക്തരായിട്ടില്ല. പ്ലാന്റിനെതിരെ കോടതിയിൽ അവർ നിയമയുദ്ധത്തിലാണ്. പക്ഷെ ബ്രഹ്മപുരം പ്രശ്നത്തിൽ ഇത്ര നാളുമുണ്ടായ കോടതി ഇടപെടലുകളുടെ പശ്ചാത്തലത്തിൽ (സാമൂഹികനീതി എന്താണെന്ന് കോടതികൾ മറന്നുപോയെന്ന് നാട്ടുകാർ ഒരുപോലെ പറയുന്നു) നീതി അവിടെനിന്നും അവർ പ്രതീക്ഷിക്കുന്നില്ല. ജുഡീഷ്യറിയുടെയും രാഷ്ട്രീയകക്ഷികളുടെ മനുഷ്യത്വരഹിതമായ ഇടപെടലുകളുടെയും കക്ഷിരാഷ്ട്രീയ, ഗ്രൂപ്പ് രാഷ്ട്രീയ പ്രശ്നങ്ങളുടെയുമിടയിൽ നീതി നഷ്ടപ്പെട്ട് നാളത്തെ യാഥാർത്ഥ്യമാണെന്നുറപ്പായ മാലിന്യ പ്ലാന്റിന്റെ ഓർമ്മയിൽ ഞെട്ടലോടെ കഴിയുകയാണ്.

### അബ്ദുൾ ബഷീർ

(വടവുകോട് - പുത്തൻകുരിശ് പഞ്ചായത്തിലെ പ്ലാന്റ് ഉൾപ്പെടുന്ന ഒന്നാം വാർഡിലെ മെമ്പർ)

ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ എല്ലാ ഘടകങ്ങൾക്കും (കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കും പഞ്ചായത്തിനും) ഒരേ അധികാരങ്ങളാണുള്ളത്. പക്ഷെ ഇവിടെ വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിനേക്കാൾ അധികാരം കൊച്ചി കോർപ്പറേഷനാണ് ലഭിക്കുന്നത്. കോർപ്പറേഷന്റെ താൽപര്യങ്ങ

ളാണ് ഇതുവരെ ജുഡീഷ്യറിയും ഗവൺമെന്റും സംരക്ഷിച്ചുപോരുന്നത്. 1995-96 ലെ വമ്പൻ ഭൂമിയിടപാട് വഴി കോർപ്പറേഷനിൽ പോയ സ്ഥലത്താണ് ഇപ്പോൾ പ്ലാന്റ് നിർമ്മാണം നടക്കുന്നത്. കൊച്ചിയിലെ ഒരു മുൻ മേയറുടെ ബിനാമി ഫ്ളാറ്റ് പണിയാനാണെന്ന പേരിൽ തദ്ദേശവാസികളുടെ കൈയിൽനിന്നും 95-96 കാലത്ത് ഈ ഭൂമി വാങ്ങുമ്പോൾ അതിന്റെ വില 1500 രൂപയായിരുന്നു. എന്നാൽ രണ്ടു വർഷത്തിനുശേഷം 98-ൽ 7500 രൂപയ്ക്കാണ് ഈ ഭൂമി കോർപ്പറേഷന് മറിച്ചുവിറ്റത്. മൊത്തം 35.37 ഏക്കർ സ്ഥലം. നിർദ്ദിഷ്ട പ്ലാന്റിനോട് ചേർന്നൊഴുകുന്ന കടമ്പറപുഴ മലിനപ്പെട്ടാൽ 6 പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളെയാണ് അത് ബാധിക്കുന്നത്. വടവുകോട്-പുത്തൻകുരിശ്, കിഴക്കമ്പലം, തിരുവാങ്കുളം, കുന്നത്തുനാട്, തൃക്കാക്കര, എടത്തല എന്നീ പഞ്ചായത്തുകളിൽ കുടിവെള്ള പ്രശ്നമുണ്ടാകും. കാക്കനാട് ഇൻഫോപാർക്കിന്റെയും എസ്.ഇ.ഇസഡിന്റെയും കെ.പി.സി.എൽ.ന്റെയും കിൻഫ്രയുടെയും പ്രധാന ജലസ്രോതസ് കടമ്പറപുഴയാണ്. കൂടാതെ 53 കുടുംബങ്ങളാണ് പ്ലാന്റിന് ചുറ്റും താമസിക്കുന്നത്. ഇവർക്കെല്ലാം പ്ലാന്റ് വരുന്നതിനോട് എതിർപ്പാണുള്ളത്.



ചതുപ്പുനിലത്ത് കോർപ്പറേഷൻ നിക്ഷേപിച്ച മാലിന്യങ്ങൾ, തൊട്ടടുത്ത് കടമ്പറ പുഴയും കാണാം.
ഫോട്ടോ - സൈനുദ്ദീൻ എടയാർ

**ടി.സി. വാവച്ചൻ** (സ്ഥലവാസി)

എന്ത് ശാസ്ത്രീയ പഠനത്തിന്റെ പിൻബലമുണ്ടായിട്ടാണ് ഈ ചതുപ്പ് നിലത്ത് കോർപ്പറേഷൻ പ്ലാന്റ് പണിയുന്നത്. തീർച്ചയായും മാലിന്യങ്ങൾ ജീർണ്ണിച്ചുണ്ടാകുന്ന വെള്ളം കടമ്പ്രയാറിൽ ചെല്ലുമെന്നുറപ്പാണ്. തിരുവാങ്കുളത്ത് ചിത്രപുഴയാറുമായി ചേർന്ന് ചമ്പക്കരകനാലിലെത്തുന്ന കടമ്പ്രയാർ കൊച്ചി നഗരത്തിലേക്ക് തന്നെയാണ് ഒഴുകിചെല്ലുന്നത്. അതിനാൽ ജലം മലിനമാകുന്നതുകൊണ്ടുള്ള ദോഷം ഒരു പ്രദേശത്തെ മാത്രമായിരിക്കില്ല ബാധിക്കുന്നത്. പ്ലാന്റ് അശാസ്ത്രീയമാണെന്ന് പല വിദഗ്ധരുടെ പഠനങ്ങളും തെളിയിച്ചുകഴിഞ്ഞിട്ടും കോർപ്പറേഷൻ ആരോടാണ് വാശി പിടിക്കുന്നത്. പഞ്ചായത്തും കോർപ്പറേഷനും ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. എന്നിട്ടും രാഷ്ട്രീയപരമായ രീതിയിൽപോലും അവർക്ക് ഇത് പരിഹരിക്കാൻ കഴിയുന്നില്ല. ഭരണകക്ഷി പലപ്പോഴും കോർപ്പറേഷന്റെ താൽപര്യങ്ങളോട് കൂറ് പുലർത്തുന്നതായാണ് കണ്ടുവരുന്നത്. പിന്നെ എന്തൊക്കെ നിർദ്ദേശങ്ങളുടെ പുറത്ത് പ്ലാന്റ് പൂർത്തിയാക്കിയാലും അതൊക്കെ ശരിയായ രീതിയിൽ നടപ്പിലാകണമെന്നില്ല. നേരത്തെ മാലിന്യം നിക്ഷേപിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ലോഡ് മാലിന്യത്തിനു മുകളിൽ ഒരു ലോഡ് മണ്ണിടമെന്ന് കോർപ്പറേഷൻ കർശനമായി അറിയിച്ചിരുന്നു. പക്ഷെ ശരിക്കും സംഭവിച്ചത് പത്ത് ലോഡ് മാലിന്യത്തിന് മുകളിൽ നാല് ലോഡ് മണ്ണിടുന്നതാണ്. അന്ന് ചതുപ്പുഭൂമിയിൽ അവർ തള്ളിയിട്ടുപോയ മാലിന്യങ്ങളെല്ലാം അഴുകി ഇപ്പോൾത്തന്നെ പുഴ മലിനമായിക്കഴിഞ്ഞു. നാട്ടുകാർക്ക് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ശരിക്കും മനുഷ്യാവകാശ ലംഘനമാണ് നടന്നിരിക്കുന്നത്. അധികാരികളുടെ ഭാഗത്തുനിന്നും പക്ഷെ അനന്തര നടപടികളൊന്നുമുണ്ടായിട്ടില്ല. കോടതിയുടെ ഭാഗത്തുനിന്നും നീതി ലഭിക്കുന്നില്ല. ഹൈക്കോടതി ഇതുവരെ ഞങ്ങളുടെ കേസ് പരിഗണിച്ചിട്ടില്ല. പോലീസിന്റെ ഭാഗത്തുനിന്നുള്ള ഭീഷണിയും ശക്തമാണ്. 144 നിലനിൽക്കുന്നതുകൊണ്ട് മറ്റ് ജനകീയ പ്രക്ഷോഭങ്ങളൊന്നും സാധ്യമല്ല. രാഷ്ട്രീയ പാർട്ടികൾക്ക് പരിഹരിക്കാൻ കഴിയുന്ന ഈ പ്രശ്നം അവർ തന്നെ കൂടുതൽ പ്രശ്നമാക്കുകയാണ്.

**എം.ഐ. പരീത്** (സ്ഥലവാസി)

നെൽകൃഷി ചെയ്തുകൊണ്ടിരുന്ന വളരെ താഴ്ന്ന പ്രദേശത്താണ് ഇപ്പോൾ പ്ലാന്റിന്റെ പണി നടക്കുന്നത്. പുഴയോട് ചേർന്ന് നിൽക്കുന്ന ഈ സ്ഥലം ഒറ്റക്കാഴ്ചയിൽ തന്നെ യാതൊരു ശാസ്ത്രീയ പിൻബലവുമില്ലാതെ തന്നെ അപകടമാണെന്ന് നമുക്ക് പറയാൻ കഴിയും. പ്ലാന്റിന് ചുറ്റുമുള്ള 53 വീട്ടുകാർ 500 മീറ്ററിന് അകലത്തുള്ളവരാണ്. വിളപ്പിൽശാല പോലെ മറ്റൊരു വലിയ ദുരന്തം ആവർത്തിക്കാനുള്ള പുറപ്പാടിലാണ് കോർപ്പറേഷൻ. ബിനാമി ഇടപാടിലൂടെ നാട്ടുകാരുടെ കൈയിൽനിന്നും വാങ്ങിയ ഭൂമി കോർപ്പറേഷന്റെ പക്കലായതിനു പിന്നിൽത്തന്നെ വൻ അഴിമതി നടന്നിട്ടുണ്ട്. ഞങ്ങളെല്ലാം ഭൂമി കൊടുത്തവരാണ്. പക്ഷെ അത് മാലിന്യപ്ലാന്റ് വരാൻ വേണ്ടിയായിരു

**ബ്രഹ്മപുരം മാലിന്യനിർമ്മാർജ്ജന പ്ലാന്റുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച അഡ്വ. പി.കെ. ഇബ്രഹാമിന്റെ നേതൃത്വത്തിലുള്ള സ്വതന്ത്ര കമ്മിറ്റി കൊച്ചി കോർപ്പറേഷൻ ലംഘിച്ചതായി കണ്ടെത്തിയ വസ്തുതകൾ.**

* 2000-ൽ നിലവിൽവന്ന സോളിഡ് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾ പ്രകാരം മുനിസിപ്പാലിറ്റിയിലെ മാലിന്യങ്ങൾ മുനിസിപ്പാലിറ്റിയുടെ പരിധിക്കുള്ളിൽ നിർമ്മാർജ്ജനം ചെയ്യണമെന്ന് പറയുന്നുണ്ട്. കൊച്ചി കോർപ്പറേഷൻ ഇത് പരസ്യമായി ലംഘിക്കുന്നു.

* 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം കോസ്റ്റൽ റെഗുലേഷൻ സോണിന്റെ പരിധിയിൽപ്പെടുന്ന കടമ്പ്രയാറിന്റെ തീരങ്ങളിൽ ഖരമാലിന്യങ്ങൾ നിക്ഷേപിച്ച് സ്ഥലം നികത്തുന്നത് കുറ്റകരമാണ്.

* നിലംനികത്തൽ നിയമത്തിനെതിരായാണ് ഇപ്പോൾ പ്ലാന്റ് നിർമ്മാണം നടക്കുന്നത്. മൂന്നുവർഷം തുടർച്ചയായി കൃഷിയില്ലാതെ കിടക്കുന്ന നിലങ്ങൾ നികത്തണമെങ്കിൽ കളക്ടറുടെ അനുവാദം വേണമെന്ന് നിയമം അനുശാസിക്കുന്നുണ്ടെങ്കിലും ജില്ലാ കളക്ടർ അത്തരമൊരു അനുവാദം കോർപ്പറേഷന് നൽകിയിട്ടില്ല.

* സ്ഥലം നികത്തുന്നതിനായി ഖരമാലിന്യങ്ങൾ മാത്രമെ നിക്ഷേപിക്കുവാൻ പാടുള്ളുവെന്ന് 1986 പരിസ്ഥിതി സംരക്ഷണ നിയമത്തിൽ പറയുന്നുണ്ട്. എന്നാൽ ദ്രവാംശം കൂടിയ മാലിന്യങ്ങൾ നിക്ഷേപിക്കുക വഴി നിയമം ലംഘിച്ച് കോർപ്പറേഷൻ ഭൂഗർഭജലത്തെയും അന്തരീക്ഷത്തെയും മലിനപ്പെടുത്തി.

* വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട് പ്രകാരം ജലം മലിനപ്പെടുത്തുന്നത് കുറ്റകരമാണ്. അത്തരം സാഹചര്യമുണ്ടായാൽ മലിനീകരണ നിയന്ത്രണ ബോർഡ് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റിനെ സമീപിക്കുകയും മജിസ്ട്രേറ്റ് വസ്തുക്കൾ നിക്ഷേപിച്ച വ്യക്തിയോ അല്ലെങ്കിൽ പ്രസ്തുത വ്യക്തി ചിലവുകൾ വഹിക്കുകവഴി മലിനീകരണ നിയന്ത്രണബോർഡോ മാറ്റേണ്ടതാണ്.

* ഇന്ത്യൻ പീനൽ കോഡിലെ 268, 269, 270, 277, 278 വകുപ്പുകൾ പ്രകാരം പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്നതും ജീവന് ഭീഷണിയായ മാരകരോഗങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്നതും ജലം മലിനമാക്കുന്നതുമായ കാരണങ്ങളാൽ കോർപ്പറേഷൻ തുടർന്നുവരുന്ന നടപടികൾ കുറ്റകരമാണ്.

മുകളിൽ പറഞ്ഞ നിയമലംഘനങ്ങളെല്ലാം ബഹു. ഹൈക്കോടതിയുടെ അറിവിൻപ്രകാരം നടക്കുന്നത് അതിലേറെ ഞെട്ടലുണ്ടാക്കുന്നതായും കമ്മിറ്റി, റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

ഡോ. ചന്ദ്രമോഹനകുമാർ, ഡോ. സി.എം. റോയി, ഡോ. അഗസ്റ്റസ്, പുരുഷൻ ഏലൂർ, ജേക്കബ് ലാസർ, ഷിബു കെ. നായർ, അബ്ദുള്ള മട്ടാഞ്ചേരി എന്നിവരാണ് കമ്മിറ്റിയിലെ മറ്റംഗങ്ങൾ.

ന്നില്ല. വി.കെ. ബാലി ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന കാലത്താണ് അഡ്വക്കേറ്റ് സഹസ്രനാമന്റെ നേതൃത്വത്തിൽ ബ്രഹ്മപുരത്ത് പ്ലാന്റ് നിർമ്മിക്കുന്നതിനെ കുറിച്ച് പഠിക്കുവാനായി ഒരു കമ്മീഷനെ നിയമിക്കുന്നത്. ഇത്ര വലിയൊരു പാരിസ്ഥിതിക വിഷയത്തിനുമുകളിൽ അന്വേഷണം നടത്താൻ ഒരു കമ്മീഷനെ നിയമിച്ചപ്പോൾ എന്തിനാണ് ഒരഭിഭാഷകനെ അതിന്റെ തലപ്പത്തിരുത്തിയതെന്ന് മനസ്സിലാകുന്നില്ല. തീർച്ചയായും പാരിസ്ഥിതിക വിഷയങ്ങളിൽ അറിവുള്ളയാളാണ് അഡ്വ.സഹസ്രനാമൻ. പക്ഷെ പരിസ്ഥിതി ശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ നടക്കുന്ന ഒരന്വേഷണമാണ് ശാസ്ത്രീയമായി പൂർണ്ണമാകുന്നത് എന്നാണ് ഞങ്ങൾ കരുതുന്നത്. ജുഡീഷ്യറിയുടെ ഇടപെടലാണ് ബ്രഹ്മപുരം പ്രശ്നത്തെ ഇത്രത്തോളം വഷളാക്കിയത്. കഴിഞ്ഞ സമരത്തിന്റെ പേരിൽ നിരവധി നാട്ടുകാർക്കെതിരെ പോലീസ് കള്ളക്കേസെടുത്തിട്ടുണ്ട്. ഭരണകൂടവും ജുഡീഷ്യറിയും കൂടിച്ചേർന്ന് പ്ലാന്റ് ഞങ്ങളുടെ മുകളിൽ അടിച്ചേൽപ്പിക്കുകയാണ്. പാലൊളി മുഹമ്മദ്കുട്ടി പറഞ്ഞതുപോലെ ജുഡീഷ്യറി പണക്കാരനുമാത്രം പ്രാപ്യമായ ഒന്നായി മാറിയിരിക്കുന്നു.

ഒമ്പതുമാസം മുമ്പ് പ്ലാന്റിനെതിരെ ഹൈക്കോടതിയിൽ കൊടുത്ത കേസ് കോടതി ഇതുവരെ പരിഗണിച്ചിട്ടില്ല. ഒരേ പാർട്ടിതന്നെയാണ് പഞ്ചായത്തും കോർപ്പറേഷനും സംസ്ഥാനവും ഭരിക്കുന്നത്. എന്നിട്ടും അവർക്ക് ജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി കണ്ടെത്താൻ കഴിയുന്നില്ല. പഞ്ചായത്ത് തലത്തിലെ എൽ.ഡി.എഫ്. പ്രവർത്തകരെ പാർട്ടി പ്ലാന്റിനെതിരെ സംസാരിക്കുന്നതിൽനിന്നും വിലക്കിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ സമരരംഗത്ത് സജീവമായിരുന്ന പലരെയും പിന്നീട് കാണാതായതിന് കാരണമിതാണ്. നിയമപരമായ തടസ്സങ്ങൾ പ്ലാന്റിന് നിരവധിയാണ്. പുതിയ ബിൽഡിംഗ് ആക്റ്റ് പ്രകാരം പഞ്ചായത്തിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമെ പഞ്ചായത്തിന്റെ പരിധിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയുള്ളൂ. എന്തായാലും ഞങ്ങൾ നിയമയുദ്ധവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ്.

**കെ.കെ. ജോണി**
(പഞ്ചായത്ത് പ്രസിഡണ്ട്)

പ്ലാന്റിന് ശാസ്ത്രീയമായ പിൻബലമില്ല എന്ന് പറയുന്നത് തെറ്റാണ്. മാലിന്യങ്ങളിൽ നിന്നുമുള്ള സംരക്ഷണാർത്ഥം വലിയ കോമ്പൗണ്ട് ഭിത്തി തന്നെ പ്ലാന്റിന് ചുറ്റും കെട്ടുന്നുണ്ട്. പുഴ മലിനമാകാതിരിക്കുന്നതിനുള്ള ശാസ്ത്രീയ വശങ്ങൾ പ്ലാന്റിനുണ്ട്. പ്ലാന്റിന്റെ പ്രവർത്തനം ഇനി തടയുന്നതിൽ കാര്യമില്ല. മുഖ്യമന്ത്രിയുടെ ചേംബറിൽ വെച്ച് രേഖാമൂലം സമ്മതിച്ചതിൻ പ്രകാരമാണ് ഇപ്പോൾ കളക്ടറുടെ നേതൃത്വത്തിൽ നിർമ്മാണം നടക്കുന്നത്. പ്ലാന്റ് നിർമ്മാണത്തെ നേരിൽക്കണ്ട് മനസ്സിലാക്കാൻ സ്ഥലം എം.എൽ.എയും ഡി.എം.ഒ.യുമടങ്ങുന്ന ഒരു മോണിറ്ററി സമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ ഇതൊരു ഗവൺമെന്റ് തീരുമാനമാണ്. അതിന് ശാസ്ത്രീയ പിൻബലമില്ലെന്ന് പറയുന്നത് തെറ്റാണ്.

**നിരവധി ആശങ്കകൾക്കിടയിലും പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. ജനാധിപത്യം ജനങ്ങളുടെ തീരുമാനമല്ലാതെ ഗവൺമെന്റ് തീരുമാനമാകുന്നതിന്റെ ഭീഷണി സ്വരമാണ് പ്ലാന്റ് നിർമ്മാണം. പക്ഷെ ജനങ്ങൾ സമരത്തിലാണ്, ഗവൺമെന്റിനോടും ജുഡീഷ്യറിയോടും.**

*സ്കൂൾ ഓഫ് കമ്യൂണിക്കേഷൻസ്, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം*